## ഏലിയാ-സ്ലീവാക്കാലം ഒന്നാം ഞായർ

**ലൂക്കാ 18:35-43**

## കാഴ്ചയിലേക്കു നയിക്കുന്ന വിശ്വാസം

**റവ.ഡോ. ജോസ് ഓലിയപ്പുറത്ത്**

വളരെ നാടകീയമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ഒരു വിവരണം. അന്ധനു കാഴ്ച നല്കുന്ന സംഭവം ഇതര സുവിശേഷങ്ങളിലും കാണാം. ലൂക്കായുടെ ഈ വിവരണത്തോട് ഏകദേശം ചേർന്നു പോകുന്ന വിവരണങ്ങൾ മത്തായി 20:29-30, മർക്കോസ് 10:46-52 എന്നിവയിൽ കാണാം. ലൂക്കായുടെ വിവരണമനുസരിച്ച് അന്ധനെ സുഖപ്പെടുത്തുന്ന അദ്ഭുതത്തെക്കുറിച്ച് വിശ്വാസികളെ പഠിപ്പിക്കുക എന്നതു മാത്രമാണ്. അന്ധനു കാഴ്ച കൊടുക്കുന്ന സംഭവം വിവരിക്കുന്നത് ശിഷ്യരുടെ വിശ്വാസരാഹിത്യ വിവരണത്തിനു ശേഷമാണ്. കാഴ്ചയല്ല ഉൾക്കാഴ്ചയാണ് വിശ്വാസജീവിതത്തിന് ആവശ്യം എന്ന് പലയാവർത്തി പറഞ്ഞിട്ടുള്ള വ്യക്തയാണ് അവിടുന്ന്. കാഴ്ച വീണ്ടു കിട്ടാനുള്ള ആഗ്രഹവും, വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്ന പ്രസ്താവവും, കാഴ്ച ലഭിച്ചു കഴിഞ്ഞപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തി അവൻ പിന്നാലെ പോയി എന്നുള്ള വിവരണവും ജീവിതാനുഭവങ്ങളെ വിലയിരുത്താനുള്ള മാർഗങ്ങളായി എഴുതി ചേർത്തതാകാനും മതി.

ജറീക്കോയിലൂടെ ജറുസലേമിലേക്കു വരികയായിരുന്നു യേശു. ഇതിലെ യേശുവല്ല അന്ധനാണ് യേശു സാന്നിധ്യം ആഗ്രഹിക്കുന്നത്. ഈ ആഗ്രഹം അവനിൽ നേരത്തെ ഉണ്ടായിരുന്നോ എന്നും അറിയില്ല. വഴിയേ പോകുന്ന മനുഷ്യരുടെ ആരവം കേട്ടിട്ടാണ് എന്തോ അസാധാരണ കാര്യം സംഭവിച്ചു എന്നതുപോലെ അയാൾ ചോദ്യം ചോദിക്കുന്നത്. നസ്രായനായ യേശു കടന്നുപോകുന്നതിന്റെ ആരവമാണ് കേൾക്കുന്നതെന്നറിഞ്ഞപ്പോൾ ബാഹ്യമായി അന്ധനായിരുന്നെങ്കിലും ദൈവത്തെക്കുറിച്ചുള്ള തന്റെ ഉൾക്കാഴ്ച വിശ്വാസപ്രഖ്യാപനമായി പുറത്തുവരുന്നത് കാണാം (ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ. മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ, നിശബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ, കൂടുതൽ ഉച്ചത്തിൽ ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ എന്നു നിലവിളിച്ചു കൊണ്ടിരുന്നു). അവന്റെ നിലവിളി വിശ്വാസത്തിന്റെ പ്രാർത്ഥനയായിരുന്നു. പാപിയായ എന്റെ മേൽ കനിയണമേ എന്നു പ്രാർത്ഥിച്ച ചുങ്കക്കാരന്റെ അതേ മനോഭാവം (ലൂക്കാ 18:14). അടുത്തുണ്ടായിരുന്നവർ തടഞ്ഞപ്പോൾ അന്ധനായവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചുപറയുകയാണ് ചെയ്തത്.

ദാവീദിന്റെ പുത്രാ എന്നുള്ള സംബോധന മെസിയായുടെ വരവിനെ ദ്യോതിപ്പിക്കുന്ന വിശ്വാസത്തിന്റെ പ്രഘോഷണമാണ്... ഒരു പ്രാർത്ഥനയാണ്. അന്ധന്റെ നിലവിളി കേട്ട യേശു അവനെ തന്റെ പക്കലേക്ക് കൊണ്ടുവരാൻ ആവശ്യപ്പെട്ടു. കാര്യമറിയാമായിരുന്നിട്ടും യേശു അവനോടു ചോദിക്കുന്നു, ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണം. അവൻ പറഞ്ഞു: കാഴ്ച വീണ്ടുകിട്ടണം. ആവശ്യം കൊണ്ടു വിളിക്കുന്നവന്റെ വിളി കേട്ട് അതിന് ചെവിചായ്ക്കുന്ന ദൈവം... അവശനെ തന്റെ പക്കലേക്ക് ആനയിക്കാൻ മറ്റുള്ളവരുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് അപരരെ സഹായിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സഹായിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന യേശു. ആരുടെ ദോഷം കൊണ്ടാണ് ഒരാൾ അന്ധനായത് എന്ന ചോദ്യത്തിന് വ്യക്തികളുടെ പ്രശ്നങ്ങളും രോഗങ്ങളും കുറവിന്റെയും പാപത്തിന്റെയും ഫലമല്ലെന്നു അവരിലൂടെ ദൈവമഹത്വം പ്രകടമാകേണ്ടതിനാണ് അപ്രകാരം സംഭവിക്കുന്നതെന്നും പഠിപ്പിക്കുന്ന യേശു. ഇവിടെ അവശതയിലായവനെ സഹായിക്കാനും ആശ്വാസത്തിന്റെ വഴികളിലേക്കാനയിക്കാനും ദൈവത്തിലേക്ക് അടുപ്പിക്കാനും എല്ലാവർക്കും കടമയുണ്ടെന്ന കാര്യം ഓർമ്മപ്പെടുത്തുന്ന യേശു.

ഏറ്റം ഒടുവിൽ പറയുന്ന കാര്യങ്ങൾ ഈ വിവരണത്തിലെ ഏറ്റം ശ്രദ്ധേയമായ കാര്യങ്ങളാണ്. യേശു പറയുന്നു: കാഴ്ചയുണ്ടാകട്ടെ... അവനു കാഴ്ച ലഭിക്കുന്നു. വീണ്ടും യേശു പറയുന്നു: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. വിശ്വാസമില്ലായ്മയുടെ അന്ധത ബാധിച്ചിരുന്നവനെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കു തിരികെ കൊണ്ടുവരുന്ന അദ്ഭുതകരമായ പ്രതിഭാസം ഇവിടെ

വ്യക്തമാക്കപ്പെടുന്നുണ്ട്. ചാരംമൂടിക്കിടക്കുന്ന വിശ്വാസത്തിന്റെ കനലുകളെ യേശു ഊതിക്കത്തിക്കാൻ ശ്രമിക്കുന്നു. അതു സഫലമാകുന്നു. കാഴ്ച വീണ്ടു കിട്ടണമെന്നുള്ള അവന്റെ അദമ്യമായ ആഗ്രഹം അവനെ വിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലേക്കു വരാൻ പ്രാപ്തനാക്കി.

ക്രൈസ്തവ സമൂഹത്തിന്റെ ചില പ്രത്യേകതകൾ കൂടി ഈ വിവരണ ഭാഗത്തു വ്യക്തമാക്കുന്നുണ്ട്. കാഴ്ച വീണ്ടുകിട്ടിയവൻ, യേശുവിനോടു കൂടി ആയിരിക്കാൻ ആഗ്രഹിക്കുന്നു. അവിടുത്തെ ശിഷ്യഗണത്തിന്റെ ഭാഗമായിത്തീരുന്നു. അന്ധനായവന്റെ കാഴ്ച ലഭിക്കലും വിശ്വാസത്തിലേക്കുള്ള തിരിച്ചു വരവും അവിടെയുണ്ടായിരുന്ന എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്താനുള്ള വഴിയായിത്തീരുന്നു. ഓരോ വ്യക്തിയുടെയും മാനസാന്തരം, വിശ്വാസത്തിന്റെ ഉൾക്കാഴ്ച സമൂഹത്തിന്റെ മൊത്തം ദൈവോന്മുഖതയ്ക്കു കാരണമായിത്തീരുന്നു.